ന്നല്ലാതെ, മറ്റു പ്രൊട്ടക്ടർമാരിൽ ഇവർക്ക് ജോലി കിട്ടുന്നതല്ല. കഴിഞ്ഞ കൊല്ലത്തേപ്പോലെ അനിശ്ചിതത്വമുണ്ടാകാതെ ഉടനടി പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ സർക്കാരിന് ഇടപെടാതിരിക്കാൻ നിവൃത്തി യില്ലാത്ത വരുമെന്നു ഞാൻ അറിയിക്കുകയാണ്.

(3) Satyagraha by certain famlie evicted from Ayyampancoil

Mr. Speaker: A reply is due from the Minister for Law and Revenue to Shri Srinivasan's motion. I call upon the Minister to state the facts.

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

സർ, പൊതുതാല്പര്യത്തിനായി 1961-ൽ ഉടുമ്പൻചോല പ്രദേശത്തുള്ള സർക്കാർ ഭൂമികളിൽനിന്നു അനധികൃതമായി പ്രവേശിച്ചു കുറെ ആളുകളെ ഇറക്കുകയുണ്ടായി. നിലവിലിരുന്ന നിയമം അനുസരിച്ചു ഗവണ്മെന്റുവക ഭൂമികളിൽ അനധികൃതമായ പ്രവേശനം കുറ്റകരമാണ്. അവരെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണ്. ഗവണ്മെന്റിനു വന്ന നഷ്ടം അവരിൽ നിന്നും അവരുടെ സ്വത്തുക്കളിൽനിന്നും ഈടാക്കാവുന്നതാണ്. എന്നാൽ ആ നിലയിലല്ലാ, ഗവണ്മെന്റു തീരുമാനിച്ചത്. ഗവണ്മെന്റ് അതു ഒരു മാനുഷിക പ്രശ്നമായി പരിഗണിച്ചു് ഇറക്കിവിട്ട ആളുകൾക്കു പകരം ഭൂമികൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ അവർക്ക് ഓരോരുത്തർ ഭൂമിയും 25 രൂപ എക്സ്ഗ്രേഷ്യാ ഗ്രാന്റും വീടുവയ്ക്കാനുള്ള സാമഗ്രികളും കൊടുക്കാൻ തീരുമാനിച്ചു. ഓരോരുത്തർക്കും ഓരേക്കർ ഭൂമിവീതം കൊടുക്കാനാണ് തീരുമാനിച്ചത്. അതിനു പറ്റിയതായ സ്ഥലത്തെപ്പറ്റി അന്വേഷിച്ചതിൽ അമരാവതിയിൽ ഏതാനും സ്ഥലം ഉണ്ടെന്നു മനസ്സിലായി. ആ സ്ഥലം ഓരേക്കർ വീതം അവർക്കു തിരിച്ചുകൊടുത്തു. പക്ഷെ, അമരാവതിയിലെ സ്ഥലംമാത്രം മതിയായില്ല. ഇനി എവിടെയാണ് ഇങ്ങനെ ഓരേക്കർ സ്ഥലംവീതം കൊടുക്കാൻ പറ്റിയത് എന്നു അന്വേഷിച്ചതിൽ, വളഞ്ഞങ്ങാനം എന്ന ഫാറസ്റ്റിന്റെ ചുറ്റിയ അതിനു പറ്റിയതാണ് എന്ന റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ആ സ്ഥലം പുനരധിവാസത്തിനു പറ്റിയതാണെന്നു ബോർഡ് ഓഫ് റവന്യൂവിലെ ഒന്നാം മെമ്പറും അഭിപ്രായപ്പെട്ടു. ഫാറസ്റ്റ് മിനിസ്റ്ററും ബോർഡ് ഓഫ് റവന്യൂവിലെ ഒന്നാംമെമ്പറും ഫാറസ്റ്റ് മിനിസ്റ്ററുടെ നിർദ്ദേശപ്രകാരം ഇറക്കിവിടപ്പെട്ട ആളുകളുടെ പ്രതിനിധികളും കൂടി ഈ വളഞ്ഞങ്ങാനം ഏരിയ സ്ഥലം പരിശോധിച്ചു. ആ സ്ഥലം പുനരധിവാസത്തിനു പറ്റിയതാണ് എന്നു് എല്ലാവർക്കും കൃഷിക്കാരുടെ പ്രതിനിധികളും ഉൾപ്പടെ ബോദ്ധ്യമായതുകൊണ്ടു് ആ സ്ഥലം ഇവർക്കു പാർപ്പിടമായി കൊടുക്കാൻ തീരുമാനിച്ചു. വളഞ്ഞങ്ങാനം ഫാറസ്റ്റ് ഏരിയായിൽ കുറേഭാഗം പാറയാണു്. അതുകൊണ്ടു് ആ സ്ഥലത്തിന്റെ മുഴുവനും ഭാഗം പാർപ്പിടത്തിനു പറ്റിയ സ്ഥലമല്ല. അതുകൊണ്ടു അങ്ങനെയുള്ള സ്ഥലം ഒഴിവാക്കിട്ടു ബാക്കി സ്ഥലം ഓരേക്കർ പ്ലോട്ടായിട്ടു തിരിച്ചുകൊടുക്കാൻ തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ വളഞ്ഞങ്ങാനം എന്ന സ്ഥലത്തു 191 കുടുംബങ്ങൾക്കും, തട്ടാത്തിക്കാനത്തു 131 കുടുംബങ്ങൾക്കും പാർപ്പിടത്തിനു സ്ഥലം കൊടുക്കുകയുണ്ടായി. അതനുസരിച്ചു 1961 മുതൽ അവർ ഈ സ്ഥലം കൈവശംവച്ചു അനുഭവിച്ചു വരികയാണു്. 1961 മുതൽക്കു തന്നെ അവിടെ വീടുകൾവച്ചു പാർക്കുകയാണു് ചെയ്തതു്. അങ്ങനെയുള്ള സ്ഥലത്തു നിന്നിരുന്ന 36 ഇഞ്ചിൽ കൂടുതൽ ടീഗർത്തുള്ള മരങ്ങൾ ഗവണ്മെന്റു വെട്ടിമാറ്റിയിട്ടു ബാക്കിയുള്ള വൃക്ഷങ്ങളോടുകൂടി സ്ഥലം കൃഷിക്കായി വിട്ടുകൊടുക്കുകയാണു് ചെയ്തതു്. ഈ സ്ഥലത്തു 36 ഇഞ്ചിൽ കൂടുതൽ ടീഗർത്തുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റിയതിനുശേഷം ബാക്കിയുള്ള തടികൾ മുഴുവനും കൃഷിക്കാർ വെട്ടിവിൽക്കുകയാണുണ്ടായതു്. നിർഭാഗ്യവശാൽ ആ സ്ഥലത്തു താമസിക്കുന്ന ആളുകൾക്കു കൃഷിക്കു താല്പര്യമുള്ളതായി കാണുന്നില്ല. എന്നാൽ അവർ ആ സ്ഥലത്തുള്ള സകല വൃക്ഷങ്ങളും വെട്ടിവിൽക്കുകയും വിറകായിട്ടു ഉപയോഗിക്കുവാനുള്ള വൃക്ഷങ്ങൾകൂടി വെട്ടിമാറ്റി വിലവാങ്ങുകയുമാണു ചെയ്തതു്. രണ്ടരക്കൊല്ലം കഴിഞ്ഞതിനുശേഷം ഇപ്പോൾ ആ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. തൊമ്മൻ]:

കൃഷിക്കു പറ്റിയതല്ലാ എന്നു പറഞ്ഞു പ്രക്ഷോഭണം ആരംഭിച്ചിരിക്കുകയാണു്. അമരാവതിപോലെയുള്ളതോ, മുണ്ടക്കയം പോലെയുള്ളതോ ആയ സ്ഥലമല്ല വളഞ്ഞങ്ങാനം എന്നുള്ളതു സമ്മതിക്കുന്നു. പക്ഷേ, ഈ പ്രക്ഷോഭണക്കാർ പറയുന്നതുപോലെ കൃഷിക്കു പറ്റിയതല്ലാ ആ സ്ഥലം എന്നു പറയുന്നതു ശരിയല്ല. ചില സ്ഥലങ്ങളും കൃഷിക്കു അത്ര പറ്റിയതല്ല എന്നുള്ളതു ഗവണ്മെൻറും സമ്മതിക്കുന്നു. ഇതിനുമുമ്പു ഈക്കാര്യം ശ്രീമാൻ സുന്ദരം നിയമസഭയിൽ ഉന്നയിക്കുകയുണ്ടായി. അന്നു കൃഷിക്കു തീരെ പറ്റാത്ത പ്ലാട്ടുകളും കിട്ടിയ കൃഷിക്കാരുടെ കാര്യം പരിഗണിക്കാമോ എന്നു നോക്കാം എന്നു 4-11-1963-ൽ പറയുകയുണ്ടായി എന്നുള്ളതും ശരിയാണു്. ഇപ്പോഴത്തെ ഈ റൂൾ 61 പ്രകാരം വളഞ്ഞങ്ങാനത്തുള്ള 191 കുടുംബങ്ങൾക്കും, തട്ടാത്തിക്കാനത്തുള്ള 131 കുടുംബങ്ങൾക്കും അതായതു്, ഈ രണ്ടു സ്ഥലത്തേയും സകല കുടുംബങ്ങൾക്കും വേറെ സ്ഥലം കൊടുക്കണമെന്നാണു പറയുന്നതു്. അതു യാതൊരു കാരണവശാലും നീതീകരിക്കത്തക്കതല്ല. അവർക്കു ഈ ഒരേക്കർ വീതം സ്ഥലം ഒരു റൈറ്റായിട്ടു കൊടുത്തിരിക്കുന്നതല്ല. ഒരു കൺസഷനായിട്ടാണു് കൊടുത്തിരിക്കുന്നതു്. ഇവർ ഈ സ്ഥലത്തുചെന്നു സ്ഥലം പരിശോധിച്ചതിനുശേഷം കണ്ടു് തൃപ്തിപ്പെട്ടു അവിടവിടെ കുടിപാർപ്പു തുടങ്ങിയതാണു്. ആ സ്ഥലത്തുള്ള സകല വൃക്ഷങ്ങളും അവർ വെട്ടിവിൽക്കുകയും ചെയ്തു. ആ നിലയിൽ ഈ ആളുകൾക്കു ഇനിയും വേറെ സ്ഥലം കൊടുക്കുകയാണെങ്കിൽ അതു നീതീകരിക്കാവുന്നതല്ല, അതു ഒരു ബാഡ് പ്രീസിഡൻറായിരിക്കും. ഹാർഡ് കേസുകളും ഉള്ളതു പരിശോധിക്കുന്നതിനു ഗവണ്മെൻറു തയ്യാറാണു്.

പിന്നീടു് ആ ഭാഗത്തുനിന്നും വന്ന ആളുകൾ പറഞ്ഞു എന്നു പറയുന്നു, മുണ്ടക്കയത്തു വേറെ സ്ഥലം ഉണ്ടു് എന്നു്. അതു കൃഷിക്കു പറ്റിയതാണു് എന്നും. ഗവണ്മെൻറിൻറെ വക സാഫ്റ്റു വുഡ്സ് പ്ലാൻേറഷൻ വേറെ സ്ഥലത്താക്കാമെന്നും പറഞ്ഞിട്ടുണ്ടു്. സാഫ്റ്റു വുഡ്സ് ഇവിടത്തെ വ്യവസായ പുരോഗതിക്കു വളരെ ആവശ്യമാണു്. ആ വ്യവസായം നശിപ്പിക്കയാണെന്നുണ്ടെങ്കിൽ സ്റ്റോറിൻറെ ആകെക്കൂടിയുള്ള വ്യവസായ പുരോഗതി മന്ദീഭവിക്കാൻ ഇടയുണ്ടു്. ആ സ്ഥിതിക്കു വല്ല ഹാർഡു കേസുകളും ഉണ്ടെങ്കിൽതന്നെ അങ്ങനെയുള്ള ആളുകൾക്കു ആ സ്ഥലം കൊടുക്കാൻ നിവൃത്തിയില്ല. അതേസമയം ഈ റൂൾ 61 അനുവദിക്കുന്നതിനു മുൻപു ശ്രീമതി ഗൗരിയും ശ്രീമാൻ പി. എസ്. ശ്രീനിവാസനുംകൂടി എനിക്കു ഒരു മെമ്മോറാണ്ടം തരികയുണ്ടായി. ആ മെമ്മോറാണ്ടത്തിലും ഈക്കാര്യങ്ങളും ഉന്നയിക്കയുണ്ടായിട്ടുണ്ടു്. സർ, ബ്രിട്ടീഷ് പാർലമെൻറിൽ ഒരു മുൻമന്ത്രി ഗവണ്മെൻറിലേക്കു എന്തെങ്കിലും ഒരു മെമ്മോറാണ്ടം കൊടുക്കുകയാണെങ്കിൽ, ഒരു നിർദ്ദേശം വക്കുകയാണെങ്കിൽ അതിനു പ്രത്യേക പരിഗണന കൊടുക്കുന്നതായി കാണുന്നുണ്ടു്. അതുപോലെ മുൻമന്ത്രിയായ ശ്രീമതി കെ. ആർ. ഗൗരിയുടെ നിർദ്ദേശത്തിനു് ഞാൻ പ്രത്യേക പരിഗണന കൊടുക്കുകയുണ്ടായി.

അവിടെ താമസിക്കുന്ന കൃഷിക്കാരുടെ ഭൂമി കൃഷിക്കു് പറ്റിയതല്ലാത്തുണ്ടെങ്കിൽ ആ കേസുകളെ സംബന്ധിച്ചു പരിഗണിക്കാൻ തയ്യാറാണു്. ഇൻഡിവിഡുവൽ കേസസ്സായി പരിഗണിക്കാതെ അവരുടെ എല്ലാവരുടെയും കേസുകളുംകൂടി ഒന്നായി പരിഗണിക്കാൻ പ്രയാസമാണു്. അതുകൊണ്ടു് ഇപ്പോഴത്തെ അവർ തുടങ്ങിട്ടുള്ള സത്യഗ്രഹം അവസാനിപ്പിക്കണം. അതിലേക്കുള്ള നടപടി ശ്രീമതി ഗൗരിയും ശ്രീമാൻ പി. എസ്. ശ്രീനിവാസനും അവലംബിക്കണമെന്നുള്ളതാണു് എനിക്കു് അവരോടു് അഭ്യർത്ഥിക്കാനുള്ളതു്. കൃഷിക്കനുയോജ്യമല്ലാത്ത പ്ലാട്ടുകൾ അവിടെ എത്രയുണ്ടെന്നുള്ളതു മനസ്സിലാക്കി അവർക്കു വേറെ സ്ഥലം കൊടുക്കുന്നകാര്യം പരിഗണിക്കാം. അതിലേക്കു എല്ലാവരുടെയും സഹകരണം ഞാനാരായുകയാണു്. അതുകൊണ്ടു് എല്ലാവരുടെയും സഹകരണത്തോടുകൂടി ഈ പ്രശ്നം അവസാനിപ്പിക്കാം എന്നു ഞാൻ വിചാരിക്കുന്നു. കോട്ടയം ഡിസ്ട്രിക്റ്റിൽ പകരം കൊടുക്കുവാൻ പറ്റിയ സ്ഥലമുണ്ടോ എന്നുള്ളതു സംശയമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഈ സ്ഥലം പരിശോധിച്ചവരിൽ മന്ത്രി സഭയിൽനിന്നും ആരെങ്കിലുമുണ്ടോ? കാര്യം സാധിക്കാൻവേണ്ടി എന്നോടു കൂടിചോദിച്ചതുകൊണ്ടാണു് ഞാൻ ആക്കാര്യം ചോദിക്കുന്നതു്. സഹകരണം വേണമെന്നു പറയുകയാണെങ്കിൽ അതു എന്തിനാണെന്നു അറിയണമേ. മന്ത്രിമാരിൽ ആരെങ്കിലും ഈ സ്ഥലം പരിശോധിച്ചിട്ടുണ്ടോ; ആ സ്ഥലത്തു കാറു ചുറ്റിയടിക്കുന്നതുകൊണ്ടു അവിടെ ഒന്നും വളരുകയില്ല എന്നുള്ള കാര്യം മനസ്സിലാക്കീട്ടുണ്ടോ?

ശ്രീ. ടി. എ. തൊമ്മൻ : അവർ രണ്ടുകൊല്ലം അവിടെ താമസിച്ച അവിടത്തെ വൃക്ഷങ്ങളെല്ലാം വെട്ടിവിൽക്കുകയുണ്ടായില്ലേ?

ശ്രീമതി കെ. ആർ. ഗൗരി : അവിടം കൃഷിചെയ്യാൻ പറ്റിയ സ്ഥലമല്ല. അവിടെ ഒന്നും വളരുകയില്ല. അവർ അവിടെയുള്ള വൃക്ഷങ്ങൾ വെട്ടിവിറ്റതു അവർക്കു അവിടെ എങ്ങനെയെങ്കിലും ജീവിക്കണം എന്നുള്ളതുകൊണ്ടാണു്.

Mr. Speaker: Order, order. There is no need for a further discussion.

I have received another notice under Rule 61 from Shri. E. P. Gopalan regarding a serious matter concerning the deaf and dumb school in Mangada. I pass it on to the Government for necessary action.

FINANCIAL BUSINESS

Voting on Demands for Grants in the Budget for 1964–65

Demand No. XXIX—Labour and Employment

Minister for Transport and Labour (**Shri K. T. Achuthan**): Sir, I move that Government be granted a sum of Rs. 77,87,400 under Demand No. XXIX—Labour and Employment.

Minister for Harijan Welfare (**Shri K. Kunhambu**): I second it.

Mr. Speaker: The following cut motions may be moved.

Cut motion No. 2 by Shri P. Viswambharan, cut motion No. 3 by Shri P. Balachandra Menon, and cut motion No. 4 by Shri K. Moideenkutty Haji.

Shri P. Viswambharan: Sir, I move 'to reduce the allotment of Rs. 77,87,400 under Demand XXIX by Rs. 10'

Shri P. Balachandra Menon: Sir, I move 'to reduce the total allotment of Rs. 77,87,400 under Demand **XXIX** by Rs. 100'.

Shri K. Moideenkutty Haji: Sir, I move 'to reduce the total allotment of Rs. 77,87,400 under Demand **XXIX** by Rs. 100'.

Shri P. Balachandra Menon: Sir, as a humble trade union worker belonging to one of the biggest Trade Union organisations of our country, as a humble worker who belongs to an organisation which had had its Presidents like Shri Lala Lajpath Roy, Shri Desabandhu Das, Shri C. F. Andrews, Shri Jawaharlal Nehru and others, I can confidently say that the work of our movement and the work of the Trade Union movement as a whole, has been to strengthen the national development of our country, the very progress of our country and to preserve the great traditions of the national movement and

LIBRARY ARCHIVES Kerala Legislative Assembly